**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1247** **30-08-2022 - ൽ മറുപടിയ്ക്ക്**

**പഴയങ്ങാടി അണ്ടർ ബ്രഡ്ജ് നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ പഴയങ്ങാടിയിലെ രൂക്ഷമായ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ പഴയങ്ങാടി പാലത്തിനു സമീപം അണ്ടർ ബ്രിഡ്ജ് നിർമിക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (എ) | നിലവിലുള്ള പഴയങ്ങാടി അണ്ടർപാസ്സിന് വീതി കുറവായതിനാൽ ഗതാഗത കുരുക്ക് രൂക്ഷമാണന്ന് ബഹു.എം.എൽ.എ എം.വിജിൻ അറിയിച്ചതിനെ തുടർന്ന്, റെയിൽവേ അധികൃതരോടൊത്ത് കണ്ണൂർ കെ.ആർ.എഫ്.ബി. ഡിവിഷനിലെ എൻജിനീയർമാർ സംയുക്ത സ്ഥല പരിശോധന നടത്തുകയും. നിലവിലുള്ള അണ്ടർപാസ്സിന് സമീപത്തായി പുതിയ അണ്ടർപാസ്സ് നിർമ്മിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഇതിനായി റെയിൽവേ 4.16 കോടി രൂപയുടെ അബ്സ്ട്രാക്ട് എസ്റ്റിമേറ്റ് ഫീൽഡ് ഓഫീസിൽ നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത അണ്ടർ പാസ് നിലനിൽക്കുന്നത് താഴ്ന്ന ഭൂപ്രദേശമാകയാൽ മഴവെള്ളം ശേഖരിച്ച് പുഴയിലേക്ക് ഒഴുക്കി കളയുന്നതിനായി മഴവെള്ളസംഭരണിയും ഓവുചാലും നിർമ്മിക്കേണ്ടതുണ്ട്. കൂടാതെ അണ്ടർപാസ്സിന്റെ അപ്രോച്ച് റോഡിനായി സ്ഥലം ഏറ്റെടുക്കൽ ആവശ്യമാണ്. പ്രസ്തുത പ്രവൃത്തിക്ക് ആകെ 6 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതായി എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.ആർ.എഫ്. ബി - പി.എം.യു കണ്ണൂർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ